**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരനിലയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പുരപ്പുറ സൗരനിലയം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ടി പദ്ധതിയിൽ അപേക്ഷിച്ച അപേക്ഷകരുടെ സീനിയോരിറ്റി പ്രകാരമാണോ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ; | (എ) | സൗര സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്കായി 2019-20 വർഷത്തിലാണ് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം അനുമതി നൽകിയത്. 2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടുമാണ് അനുമതി ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ടെണ്ടറിന്റെ ഫലമായി 04.12.2020 ൽ 3 കമ്പനികളെ എംപാനൽ ചെയ്തു. ഇതുകൂടാതെ, പുതുതായി 37 ഡെവലപ്പർമാരെ കൂടി പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണ-ത്തിനായി, ഇ-കിരൺ മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് പൊതുജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത് ഒരു ഏകജാലക സംവിധാനമാണ്. നിലവിൽ സൗര സബ്സിഡി പദ്ധതിയിൽ 5.298 മെഗാവാട്ട് നിലയങ്ങൾ പൂർത്തീകരിച്ചു. അപേക്ഷിക്കുന്നവരുടെ സീനിയോറിറ്റി ക്രമത്തി ലാണ് ഡെവലപ്പർക്ക് വർക്ക് ഓർഡർ നൽകുന്നത്. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേനയല്ലാതെ കൺസ്യൂമർക്ക് നേരിട്ടോ, ഡെവലപ്പർ മുഖേനയോ, അനെർട്ട് മുഖേനയോ സൗര നിലയം സ്ഥാപിക്കാൻ അപേക്ഷിക്കാവുന്നതാണ്. |
| (ബി) | കോവിഡ് മഹാമാരി ഉടരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ചിരിക്കുന്ന സബ്സിഡി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ? | (ബി) | കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നിലവിൽ പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച സബ്സിഡി ഉയർത്തുവാനുള്ള തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ